# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിൻെറ പ്രതീകം

VOL. 21 No. 03 | PUBLISHED FROM DELHI | PRICE Rs. 3/- | MARCH 2017

# ഹാർവെസ്റ്റ് മിഷൻ കൺവൻഷനും എച്ച്.എം.സി. ബിരുദ ദാന ശുശ്രൂഷയും


റവ. ഡോ. ആർ. ഏബ്രഹാം


പാസ്റ്റർ കെ. ജോയി


പാസ്റ്റർ എബി. ഏബ്രഹാം


പാസ്റ്റർ ബാബു ജോൺ

**നോയിഡ:** ഉത്തര ഭാരതത്തിലെ പ്രേക്ഷിത പ്രവർത്തനത്തിൽ തനതായ മുഖമുദ്ര പതിപ്പിച്ച ഹാർവെസ്റ്റ് മിഷൻ ചർച്ചിന്റെ വാർഷിക കൺവൻഷനും ലീഡർഷിപ്പ് സെമിനാറും ഹാർവെസ്റ്റ് ബൈബിൾ കോളജിന്റെ 16–ാം മത് ബിരുദദാന ശുശ്രൂഷയും 2017 മാർച്ച് 13 മുതൽ 19 വരെ ഗ്രേറ്റർ നോയിഡ നോളജ്പാർക്ക് മൂന്നിലെ ഹാർവെസ്റ്റ് മിഷൻ കാമ്പസിൽ വച്ച് നടക്കും. മാർച്ച് 14 ന് വൈകിട്ട് 4 മണിക്ക് കാമ്പസിന്റെ ഉദ്ഘാടനം നടക്കും. സ്വദേശികളും വിദേശികളുമായ ദൈവദാസന്മാർ ഈ യോഗങ്ങളിൽ ദൈവവചനം ശുശ്രൂഷിക്കും.

14 മുതൽ 18 വരെ രാവിലെ 9:30 മുതൽ 5 മണി വരെ വിവിധ ഘട്ടങ്ങളിലായി ശുശ്രൂഷകന്മാർക്കായുള്ള പ്രത്യേക സെമിനാർ നടക്കും. വചന പരിജ്ഞാനവും ആത്മനിറവുമുള്ള ദൈവദാസന്മാർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകും. വിദൂര സ്ഥലങ്ങളിൽ നിന്നും വരു ന്ന ശുശ്രൂഷകൻമാർക്ക് താമസസൗകര്യം ഉണ്ടായിരിക്കും.

എല്ലാദിവസവും വൈകിട്ട് 6 മണിമുതൽ 9 മണിവരെ കൺവൻഷൻ നടക്കും. ഡോ. ആർ ഏബ്രഹാം, പാസ്റ്റർ കെ. ജോയി, പാസ്റ്റർ എബി ഏബ്രഹാം (പത്തനാപുരം) എന്നിവർ ഈ യോഗങ്ങ ളിൽ മുഖ്യ പ്രഭാഷകരായിരിക്കും.

19–ാം തീയതി രാവിലെ 8 മണിക്ക് സ്നാന ശുശ്രൂഷയും തുടർന്ന് സംയുക്താരാധനയും നടക്കും. ഉത്തർപ്രദേശ്, ഡൽഹി, രാജസ്ഥാൻ, മധ്യപ്രദേശ്, ഹരിയാന, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള ഹാർവെസ്റ്റ് മിഷൻ ചർച്ച് സഭാശുശ്രൂഷകരും വിശ്വാസികളും സംയുക്താരാധനയിൽ പങ്കെടുക്കും.

19–ാം തീയതി വൈകിട്ട് 4 മണിക്ക് ഹാർവെസ്റ്റ് ബൈബിൾ കോളജിന്റെ 15–ാം മത് ബിരുദദാന ശുശ്രൂഷ നടക്കും. കോളജ് പ്രിൻസിപ്പൽ ഡോ. ബിജു ജോൺ അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ കോളജ് ഡയറക്ടർ റവ. ബാബു ജോൺ ആമുഖ സന്ദേശം നൽകും. പഠനം പൂർത്തിയാക്കിയ 20 പേർക്കുള്ള സർട്ടിഫിക്കേറ്റുകൾ വിതരണം ചെയ്യും.

പാസ്റ്റർ ബിജു ജോണിന്റെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ യോഗങ്ങളുടെ സുഗമമായ നടത്തിപ്പിനായി പ്രവർത്തിച്ചു വരുന്നു.

നോയിഡ സെക്ടർ 12 മെട്രോ സ്റ്റേഷനിൽ നിന്നും കോളജ് കാമ്പസിലേക്ക് പ്രത്യേക ഗതാഗത സൗകര്യം ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് പാസ്റ്റർ വി. എസ്. സഖറിയ (9953015776) ഇവ. ബ്ലസ്സൻ ജി. സാമുവൽ (9891223442) എന്നിവരുമായി ബന്ധപ്പെടുക.

കഴിഞ്ഞ ഒരു ദശാബ്ദമായി ഉത്തര ഭാരതത്തിലെ സുവിശേഷ പ്രവർത്തനങ്ങൾക്കായി ഒരു കൂട്ടം യുവതീയുവാക്കളെ തയ്യാറാക്കാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. പഠനാന്തരം വിവിധ സംസ്ഥാനങ്ങളിലെ എച്ച്. എം. സി. പ്രവർത്തനങ്ങളോട് ചേർന്ന് പ്രവർത്തിക്കുവാനും അവസരമുണ്ട്. അടുത്ത അധ്യയന വർഷത്തെ ക്ലാസ്സുകൾ 2017 ജൂൺ അവസാന വാരത്തിൽ ആരംഭിക്കും.







## പ്രത്യേക അറിയിപ്പ്

*വിശ്വാസി മാസിക* പ്രസിദ്ധീകരണത്തിന്റെ ഇരുപത്തിയൊന്നാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. 1997 ജനുവരിയിലാണ് മാസികയുടെ പ്രസിദ്ധീകരണം ആരംഭിച്ചത്. ഇന്നും ഇത് ഒരു ശുശ്രൂഷയായി തുടരുവാൻ കഴിയുന്നത് ദൈവമക്കളുടെ പ്രാർത്ഥനയുടേയും അകമഴിഞ്ഞ സഹായ സഹകരണങ്ങളുടേയും ഫലമായിട്ടാണ് എന്നുള്ളത് ഞങ്ങൾ നന്ദിയോടെ സ്മരിക്കുന്നു.

എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ *വിശ്വാസി* മാസികയുടെ പ്രിന്റ് എഡിഷൻ 2017 ഏപ്രിൽ മാസത്തോടെ അവസാനിപ്പിക്കുകയാണ്. ഈ–മെയിലിലും ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ വെബ്സൈറ്റിലും (www.indianchristianmission.com) മാസിക പി.ഡി.എഫ്. രൂപത്തിൽ തുടർന്നും ലഭിക്കുന്ന താണ്.

*വിശ്വസി* മാസിക പി.ഡി.എഫ് ആയി ഇ–മെയിൽ ലഭിക്കാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ ഇ–മെയിൽ ഐഡി msamuelkutty@gmail.com എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

തുടർന്നും വായനക്കാരുടെ സമ്പൂർണ്ണ സഹകരണം ഞങ്ങൾ പ്രതീക്ഷിക്കുന്നു.

പത്രാധിപ സമതിക്കുവേണ്ടി,
പാസ്റ്റർ എം. സാമുവൽകുട്ടി

*ഉൾപേജുകളിൽ...*

ഒത്തൊരുമയുടെ മനോഹാരിത: പാസ്റ്റർ എം.സാമുവൽകുട്ടി

ക്ഷമ ശീലമാക്കുക : സിസ്റ്റർ സാലി ബിനോയി ന്യൂഡൽഹി

ദൈവരാജ്യം : പാസ്റ്റർ ജോസ് ശാമുവേൽ, ന്യൂഡൽഹി

സർഗ്ഗാത്മക സംഘ വേദവായന: ഇവാ. സാംസൺ സാമുവൽ

പത്രാധിപ ലേഖനം.......

# ഒത്തൊരുമയുടെ മനോഹാരിത



പരസ്പര അനൈക്യം എപ്പോഴും ഒരു വലിയ പ്രശ്നം തന്നെയാണ്, പ്രത്യേകിച്ചും അത് ദൈവമക്കളുടെ ഇടയിൽ സംഭവിച്ചാൽ. പഴയനിയമ കാലങ്ങളിലും ജനങ്ങൾക്കിടയിൽ ആഭ്യന്തര കലാപവും കുടുംബങ്ങൾ തമ്മിലുള്ള യുദ്ധങ്ങളും ചരിത്രത്തിൽ നാം കാണുന്നു. പുതിയ നിയമത്തിലും പരസ്പരം പോരാടുന്ന വിഭാഗങ്ങളെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. കൊരിന്ത്യർ മാനുഷിക നേതാക്കന്മാരുടെ പേരിൽ പരസ്പരം വിഘടിച്ചു നിന്നിട്ടുണ്ട്. ചില അംഗങ്ങൾ തമ്മിൽ പിണക്കങ്ങളും ഉണ്ടായിട്ടുണ്ട് (1 കൊരിന്ത്യർ 1:10-13, 6:1-8). ഗലാത്യയിലെ ചില വിശ്വാസികൾ പരസ്പരം കടിക്കുകയും തിന്നുകയും ചെയ്യുമെന്ന് പൗലൊസ് ഭയപ്പെട്ടിരുന്നു (ഗലാത്യർ 5:15). എഫെസോസിലെയും കൊലൊസ്യയിലെയും വിശുദ്ധന്മാരെ ക്രിസ്തീയ ഐക്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൗലൊസിനെ ഓർമ്മപ്പെടുത്തുകയും ചെയ്യേണ്ടിവന്നിട്ടുണ്ട് (എഫെസ്യർ 4:1-3, കൊലൊ. 2:1-2). ഫിലിപ്പ്യയിലെ സഭയിൽ രണ്ടു സ്ത്രീകൾ തമ്മിൽ പോരടിച്ചതിന്റെ ഫലമായി സഭയിൽ പിളർപ്പുണ്ടായി (ഫിലി. 4:1-3).

നിർഭാഗ്യവശാൽ, ജീവിതത്തിന്റെ ചില നരച്ച ഭാഗങ്ങളിൽ ഇതിനു സമാനമായി എല്ലാ വിശ്വാസികൾക്കും യോജിച്ചതോ അല്ലയോ എന്ന് സന്ദേഹമുളവാക്കുന്ന കാര്യങ്ങൾ ഇന്നുമുണ്ട്. വേദപുസ്തകം വ്യക്തമായി പാലിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ചില പ്രവർത്തനങ്ങൾ തെറ്റാണെന്ന് നമുക്ക് പറയാനാകും. ബൈബിൾ വ്യക്തമായി അനുശാസിക്കുന്ന കാര്യങ്ങൾ ശരിയാണെന്ന് കണ്ടെത്താനും നമുക്ക് ബുദ്ധിമുട്ടില്ല. എന്നാൽ വചനത്തിൽ വ്യക്തമായി അനുശാസനം ഇല്ലാത്ത കാര്യങ്ങളിൽ തീരുമാനമെടുക്കാൻ നമുക്ക് മറ്റുചില മാർഗ്ഗനിർദ്ദേശങ്ങൾ കണ്ടെത്തേണ്ടി വരും. ഈ മാർഗ്ഗനിർദ്ദേശങ്ങൾക്കുള്ള മൗലിക കാരണം പൗലൊസ് നൽകുന്നു. അനാവശ്യകാര്യങ്ങളോട് വിശ്വാസികൾക്ക് എങ്ങനെ വിയോജിപ്പ് പ്രകടിപ്പിക്കാമെന്നും സഭയിൽ ഐക്യം നിലനിർത്താമെന്നതിനെയും കുറിച്ച് പൗലൊസ് വിവരിക്കുന്നു. ചില പ്രധാന ഉപദേശങ്ങൾ അദ്ദേഹം റോമർ 14-ാം അദ്ധ്യായത്തിൽ വായനക്കാർക്ക് നൽകുന്നു.

ഒന്ന്, പരസ്പരം കൈക്കൊള്ളുക (വാക്യം 1-12). ഈ ഭാഗം ആരംഭിക്കുന്നതും അവസാനിക്കുന്നതും ഈ ഉപദേശത്തിലാണ് എന്നുള്ളത് ശ്രദ്ധേയമാണ്. അതിനുള്ള നാലു കാരണങ്ങൾ പൗലൊസ് ഇവിടെ നിരത്തുന്നു.

a) ദൈവം നമ്മെ സ്വീകരിച്ചു (1-3). വ്യക്തിപരമായ മുൻവിധികളിലൂടെയും ദൃഢവിശ്വാസങ്ങളിലൂടെയും മനുഷ്യനിർമ്മിതമായ നിബന്ധനകൾ കൊണ്ടുവരുന്നത് ദൈവവചനത്തിന് വിരുദ്ധമാണ്. ദൈവം നമ്മെ സ്വീകരിച്ചതിനാൽ നാമും പരസ്പരം സ്വീകരിക്കണം. ഈ വക കാര്യങ്ങളിൽ തമ്മിൽ വാദിക്കുകയോ മറ്റുള്ളവരെ അവജ്ഞയോടെ വീക്ഷിക്കുകയോ ചെയ്യരുത്. ജാതികളുടെ ഇടയിൽ സുവിശേഷമറിയിക്കാൻ ദൈവം പത്രൊസിനെ അയച്ചപ്പോൾ പുതുക്രിസ്ത്യാനികളോടൊപ്പം ഭക്ഷിച്ചതിനാൽ സഭ അദ്ദേഹത്തെ വിമർശിച്ചു (അപ്പൊ. 11:13). പെന്തക്കൊസ്ത് ദിനത്തിൽ യഹൂദന്മാരായ വിശ്വാസികളുടെ മേൽ ദൈവം ചൊരിഞ്ഞ അതേ പരിശുദ്ധാത്മാവിനെ ജാതികൾക്കും നൽകുന്നതുവഴി ദൈവം ജാതികൾക്കും നൽകുന്നതുവഴി ദൈവം ജാതികളെയും സ്വീകരിക്കുന്നു വെന്ന് വ്യക്തമായി വെളിപ്പെടുത്തി.

b) ദൈവം തനിക്കുള്ളത് നിലനിർത്തുന്നു (14:4). ദൈവം യജമാനനും വിശ്വാസി ദാസനുമാണ്. ഈ ബന്ധത്തിനിടയിൽ മറ്റാരെങ്കിലും ഇടപെടുന്നത് തെറ്റാണ്. ക്രിസ്തീയ ജീവിതത്തിൽ നമ്മുടെ വിജയം മറ്റു ക്രിസ്ത്യാനികളുടെ അഭിപ്രായങ്ങളെയോ അഭിരുചിയെയോ ആശ്രയിച്ചല്ല ഇരിക്കുന്നത്. ദൈവമാണ് ന്യായാധിപൻ. നമ്മെ നിൽക്കുമാറാക്കാൻ അവനു കഴിയും. ദാസൻ എന്ന വാക്കുകൊണ്ട് ഇവിടെ അർത്ഥമാക്കുന്നത് കർത്താവിനായി നിരന്തരം പ്രവർത്തിക്കുവാൻ ക്രിസ്ത്യാനി ബാധ്യസ്ഥനാണെന്നതാണ്. അങ്ങനെയാകുമ്പോൾ അവർക്ക് മറ്റുള്ളവരെ നിന്ദിക്കുവാനുള്ള സമയമോ താത്പര്യമോ ഇല്ലാതാകും. ക്രിസ്തുവിനുവേണ്ടി ആത്മാക്കളെ നേടുന്നതിൽ സദാ മുഴുകിയിരിക്കുന്നവർക്ക് വിശുദ്ധന്മാരുടെ ജീവിതത്തെ വിചിന്തനം ചെയ്യുന്നതിലും പ്രധാനപ്പെട്ട കാര്യങ്ങൾ വേറെയുണ്ട്.

c) യേശുക്രിസ്തു കർത്താവ് (14:5-9). കർത്താവ് എന്ന വാക്ക് ഈ വാക്യങ്ങളിൽ എട്ടു തവണയുണ്ട്. മറ്റൊരു വ്യക്തിയുടെ ജീവിതത്തിൽ ദൈവം കളിക്കാനുള്ള അധികാരം ആർക്കുമില്ല. നമുക്ക് അവർക്കായി പ്രാർത്ഥിക്കാം, ഗുണദോഷിക്കാം, അല്ലെങ്കിൽ ശാസിക്കാം. അതിനപ്പുറം ദൈവമെന്നപോലെ മറ്റുള്ളവരുടെ ജീവിതത്തിൽ ഇടപെടുവാൻ പാടില്ല. ക്രിസ്തുവുമായുള്ള വിശ്വാസികളുടെ കൂട്ടായ്മയെ പൗലൊസ് ഊന്നി പറയുന്നു; ജീവിക്കുന്നുവെങ്കിൽ നാം കർത്താവിനായി ജീവിക്കുന്നു, മരിക്കുന്നുവെങ്കിൽ കർത്താവിനായി മരിക്കുന്നു (വാക്യം 8). നമ്മുടെ പ്രഥമ ഉത്തരവാദിത്വം ക്രിസ്തുവിനോടാണ്. സഹോദരനെ വിമർശിച്ച് മുന്നോട്ട് പോകുന്നതിനു പകരം ദൈവമക്കൾ പ്രാർത്ഥിച്ച് മുന്നേറുന്നുവെങ്കിൽ നമ്മുടെ സഭകളിൽ ദൃഢതയുള്ള കൂട്ടായ്മ നിലനിൽക്കും.

d) യേശുക്രിസ്തു വിധികർത്താവ്. നിങ്ങൾ സഹോദരന്മാരെ വിധിക്കുന്നതെന്ത്? എന്ന പൗലൊസ് ബലഹീനരായ ക്രിസ്ത്യാനികളോട് ചോദിക്കുന്നു; നിങ്ങൾ സഹോദരനെ അവജ്ഞയോടെ വീക്ഷിക്കുന്നതെന്ത്? ബലവാന്മാരും ബലഹീനരും ഒരുപോലെ ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ നിന്നുകൊണ്ട് പരസ്പരം വിധിക്കുന്നവരാ കാതെ കർത്താവിനാൽ വിധിക്കപ്പെടുന്നവരാകും. ക്രിസ്തുവിന്റെ ന്യായാസനത്തെക്കുറിച്ച് മറ്റൊരു ചിത്രം 1 കൊരി. 3:10-15ൽ നാം കാണുന്നു. ഒരു ദേവാലയത്തിന്റെ കെട്ടിടമായി പൗലൊസ് നമ്മുടെ സുവിശേഷ ദൗത്യത്തെ താരതമ്യം ചെയ്യുന്നു. നിലവാരം കുറഞ്ഞ വസ്തുക്കൾ കൊണ്ട് നാം അത് പണിയുന്നുവെങ്കിൽ നമ്മുടെ വേല നിലനിൽക്കും. നമ്മുടെ പ്രവൃത്തികൾ പരീക്ഷയിൽ ജയിച്ചാൽ നാം പ്രതിഫലം പ്രാപിക്കും. അവ വെന്തുപോയെങ്കിലോ നമുക്ക് പ്രതിഫലം നഷ്ടമാകും. യേശുക്രിസ്തുവിനെ കർത്താവായി സ്വീകരിച്ച നാം വിശ്വസ്തതയോടെ അവനെ അനുസരിച്ചുകൊണ്ട് അവന്റെ ന്യായാസനത്തിന് മുമ്പിൽ നിൽപ്പാൻ ഒരുങ്ങാം.

(തുടരും)

**പാസ്റ്റർ എം. സാമുവൽകുട്ടി**

# സർഗ്ഗാത്മകമായ സംഘ വേദവായന

**(നാലാം പേജിൽ നിന്ന് തുടർച്ച)**

സംഘത്തോട് ചേർന്ന് ദൈവത്തെ ആരാധിക്കുവാൻ നിർബന്ധിതരാക്കി.

ഇന്ത്യയിലെ എന്റെ സഭയിലേക്ക് ഞാൻ മടങ്ങിച്ചെല്ലുമ്പോൾ വല്ലപ്പോഴും ഒരിക്കൽ ഈ സർഗ്ഗാത്മകമായ വേദവായനാ രീതി ഞങ്ങളുടെ ആരാധനയിൽ ചേർക്കാനും അത് നടപ്പിലാക്കാനും ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾക്കും അതാകാം. വചനവായനയെ സ്നേഹിക്കുന്ന വ്യക്തികളെ ഒരുമിച്ച് കൂട്ടി അവർക്ക് പരിശീലനം നൽകുക എന്ന ഒരു ചെറിയ ഉദ്യമം മാത്രമേ ആവശ്യമുള്ളു. ഇതിലൂടെ നമ്മുടെ സഭകളിൽ ആരാധന നയിക്കുവാൻ ആളുകൾക്ക് നാമൊരു അവസരം കൂടെ നൽകുകയാണ്. ഈ വിസ്മയാവഹമായ സർഗ്ഗാത്മക രീതി, അധികം ആഡംബരമല്ലാതാനും, അത്ഭുതകരമായ ജ്ഞാനവും പുതുമയും നമ്മുടെ സഭാരാധനകളിൽ കൊണ്ടുവരും. ശുഭാശംസകൾ നേരുന്നു...

**(ചിക്കാഗോ ലൂഥറൻ സ്കൂൾ ഓഫ് തിയോളജിയിലെ വിദ്യാർത്ഥിയായ ലേഖകന്റെ *ആരാധനയുടെ സൗന്ദര്യം* എന്ന ലേഖന പരമ്പരയിൽ ഉൾപ്പെട്ട ലേഖനം. പരിഭാഷ: പാസ്റ്റർ ബിനോയി പി. ജോൺ, ഡൽഹി)**


Pray * Watch * Sponsor

## ZION KE SAFAR

A Television program presented by GOOD TIDING on **SHUBHSANDESH T.V.** on every Sunday at 5 pm to 5: 30 pm.

**Special Features:**
Powerful Bible teachings by **Pr. Aniyan Samuel** (Director, GOOD TIDING), Spirit filled worship songs by prominent worship leaders and inspiring testimonies.

**Our Vision:**
Reach the unreached with the Gospel and strengthen the body of Christ with the word of God

For more details, please contact:
**Pr. Aniyan Samuel**
**Mob- 9968244847**
Email- info@goodtiding.org Website: www.goodtiding.org

## വിശ്വാസ ഗീതങ്ങൾ

*ഒരു ഉത്തമ ഗാനോപഹാരം*

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, റോമൻ സ്ക്രിപ്റ്റിലുമായി 1000ൽപരം ഗാനങ്ങൾ

**കൂടാതെ സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, പ്രേംവാണി(ഹിന്ദി), കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേമമാധുരി(തെലുങ്ക്), സ്നേഹ നിധി (എം. പി. ത്രി) എന്നീ ആഡിയോ സിഡികളും ലഭ്യമാണ്**

**Pastor M. Samuelkutty**
Yash Apartments, Flat no 101, First Floor, 96/E,
Ward No: 2, Mehrauli, New Delhi-110030
Ph. 9810084388 / 8130622968



**വരിസംഖ്യ നിരക്ക് ഒരുവർഷത്തേക്ക്**

| | | |
|---|---|---|
| ഇന്ത്യയിൽ | | :36 രൂപ |
| ഗൾഫ് | | :300 രൂപ |
| യു.എസ് | $ | :10 |
| കാനഡ | $ | :10 |


**ക്ഷണിക്കുന്നു**

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*


**എഡിറ്റോറിയൽ ബോർഡ്**

**ചീഫ് എഡിറ്റർ**
പാസ്റ്റർ എം. സാമുവൽകുട്ടി

**അസ്സോസിയേറ്റ് എഡിറ്റേഴ്സ്**
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി

**പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ**
ചെറിയാൻ ഡാനിയേൽ


ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

ഉപന്യാസം

# ക്ഷമ ശീലമാക്കുക



സിസ്റ്റർ സാലി ബിനോയ്
ന്യൂഡൽഹി

വിദ്വേഷം നിറഞ്ഞ അന്തരീക്ഷം ഇന്നത്തെ സഭകൾക്കും സംഘടനകൾക്കും രാഷ്ട്രങ്ങൾക്കും വിപത്താണ്. തമ്മിൽ തമ്മിൽ സ്നേഹമോ സന്തോഷമോ ഇല്ലാത്ത ഒരു കാലമാണിത്. ക്ഷമിക്കുവാനും മറക്കുവാനും ഉള്ള കഴിവ് ഇല്ലാത്ത കാലം. ആയതിനാൽ മനുഷ്യ സമൂഹം ഇന്ന് ഒരു പൊട്ടിത്തെറിയുടെ വക്കിലാണ്. പ്രത്യേകാൽ ഇന്നത്തെ പുതു തലമുറയ്ക്ക് ക്ഷമാശീലം ഒട്ടും ഇല്ല എന്നുതന്നെ പറയാം. ഒരാളോട് ക്ഷമിക്കുവാനോ കാത്തിരിക്കുവാനോ ഇവർക്കാവില്ല. ഒരു പ്രശ്നമുണ്ടായാൽ സമാധാനപരമായി പരിഹരിക്കുന്നതിനു പകരം പകയും ദേഷ്യവും വച്ചുപുലർത്തി പെരുമാറാനാണ് അവർ ശ്രമിക്കുന്നത്.

ക്ഷമിക്കുക എന്നത് ദുഷ്കരമാണ് എങ്കിലും അതിന്റെ ഫലം വളരെ മാധുര്യമേറിയതാണ്. ക്ഷമയോടെ പെരുമാറുവാൻ കഴിയുക എന്നത് തന്നെ വലിയ കാര്യമാണ്. അത് ജീവിതത്തിൽ നല്ലതേ വരുത്തു. ക്ഷമാശീലം വളർത്തിയെടുക്കുന്നത് ഹൃദയത്തിന്റെ ആരോഗ്യത്തിന് ഗുണകരമാണെന്ന് പുതിയ പഠനങ്ങൾ തെളിയിച്ചിരിക്കുന്നു. ദേഷ്യപ്പെടുന്നവരുടെ രക്തസമ്മർദ്ദത്തിന്റെ അളവ് ക്രമാതീതമായി വർദ്ധിക്കുന്നത് ഹൃദയത്തെ മോശമായ രീതിയിലാണ് ബാധിക്കുന്നത്. അധിക സമയം നീണ്ടുനിൽക്കുന്ന രക്ത സമ്മർദ്ദവും ഹൈപ്പർ ടെൻഷനും ഹൃദയാഘാതം പോലുള്ള അസുഖങ്ങളിലേക്ക് നമ്മെ കൊണ്ടെത്തിക്കുന്നു. അതുകൊണ്ട് തന്നെ കഴിവതും ക്ഷമാശീലം ജീവിതത്തിൽ കൊണ്ടുവരാൻ ശ്രമിക്കണം.

ക്ഷമിക്കുവാനും സഹിക്കുവാനും താങ്ങുവാനും ആവശ്യമായ ശക്തിയുടെ ഉറവയിലേക്ക് നമ്മെയെല്ലാം നയിക്കുവാൻ കഴിയുന്നത് ദൈവവചനത്തിനു മാത്രമാണ്. ക്ഷമയെക്കുറിച്ച് അനേകം ഉപമകളും ഉപദേശങ്ങളും വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. സ്വസ്ഥമായി കഴിയുന്ന ജീവിതങ്ങളിലും കുടുംബങ്ങളിലും ക്ഷമയില്ലായ്മ കടന്നുവരുമ്പോൾ അത് കുടുംബങ്ങളുടെ ശിഥിലീകരണത്തിന് കാരണമാകുന്നു. മറ്റുള്ളവരുടെ ചെറിയ ബലഹീനതകൾ പോലും ക്ഷമിക്കുവാൻ കഴിയാതെ വരുമ്പോൾ പകയും വിദ്വേഷവും ഉള്ളിൽ വച്ച് അവർ പിശാചിന്റെ അടിമകളായി ത്തീരുന്നു.

യഥാർത്ഥ ക്ഷമ നമുക്ക് കാട്ടിത്തന്നത് കർത്താവാണ്. ഒരു കുറ്റവും ചെയ്യാത്ത തന്നെ ക്രൂശിലേറ്റിയവരോട് ക്ഷമിക്കുവാൻ കർത്താവിന് കഴിഞ്ഞു. അനേകരുടേയും ജീവിത തകർച്ചയ്ക്ക് കാരണം ക്ഷമിക്കാൻ കഴി യാത്ത മനസ്സുമായി ജീവിതം തള്ളിനീക്കുന്നതിനാലാണ്. ക്ഷമിക്കുവാൻ കഴിയാത്തവർക്ക് മറ്റുള്ളവരെ അംഗീകരിക്കാനും സാധിക്കില്ല. തികഞ്ഞ ആത്മീയർ എന്ന് അഭിമാനിക്കുന്നവരിൽ പലരേയും അടുത്തറിഞ്ഞാൽ ചെറിയ കാര്യങ്ങൾക്ക് പോലും മറ്റുള്ളവരോട് ക്ഷമിക്കുവാൻ കഴിയാതെ വിദ്വേഷം പുലർത്തുകയും അവസരം ലഭിച്ചാൽ ഈ വിദ്വേഷം വാക്കിലും പ്രവർത്തിയിലും മറ്റുള്ളവർക്ക് നേരെ പ്രയോഗിക്കുകയും ചെയ്യുവാൻ മടിക്കില്ല.

ക്ഷമിക്കുവാനും ക്ഷമ അംഗീകരിക്കുവാനും കഴിയാത്ത ഒരു വ്യക്തിയുടെ ജീവിതം പാപത്താൽ മലിനപ്പെടുന്നു. തൻമൂലം ദൈവകൃപയും ദൈവത്തിൽ നിന്നുള്ള പാപക്ഷമയും പ്രാപിക്കാനാകാതെ സ്വയനീ തിയിൽ ആശ്രയിച്ച് ജീവിതം പാഴാക്കുന്നു. ദൈവം ഇങ്ങ നെയുള്ളവരിൽ പ്രസാദക്കുകയില്ല

ക്ഷമിക്കുവാനും ക്ഷമ അംഗീകരിക്കുവാനും കഴിയാത്ത ഒരു വ്യക്തിയുടെ ജീവിതം പാപത്താൽ മലിനപ്പെടുന്നു. തൻമൂലം ദൈവകൃപയും ദൈവത്തിൽ നിന്നുള്ള പാപക്ഷമയും പ്രാപിക്കാനാകാതെ സ്വയനീതിയിൽ ആശ്രയിച്ച് ജീവിതം പാഴാക്കുന്നു. ദൈവം ഇങ്ങനെയുള്ളവരിൽ പ്രസാദക്കുകയില്ല. ഒരുമിച്ച് കർത്തൃമേശയിൽ പങ്കെടുക്കുകയും എന്നാൽ സ്നേഹചുംബന സമയത്ത് മുങ്ങുകയും ചെയ്യുന്ന പല വിശ്വാസികളുമുണ്ട്. കാരണം സഹോദരനെ അല്ലെങ്കിൽ സഹോദരിയെ വിശുദ്ധചുംബനം ചെയ്യാൻ കഴിയാത്ത വിധത്തിൽ മനസ്സിൽ കൈപ്പ് കരുതിയിരിക്കുന്നു. ഇവരുടെ ആരാധന ദൈവം എങ്ങനെ സ്വീകരിക്കും, പ്രാർത്ഥനയ്ക്ക് മറുപടി എങ്ങനെ ലഭിക്കും. ദൈവവചനം നമ്മേ പഠിപ്പിക്കുന്നത്, ആകയാൽ നിന്റെ വഴിപാട് യാഗപീഠത്തിങ്കൽ കൊണ്ടുവരുമ്പോൾ സഹോദരന് നിന്റെ നേരെ വല്ലതും ഉണ്ടെന്ന് അവിടെ വച്ച് ഓർമ്മ വന്നാൽ നിന്റെ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുന്നിൽ വെച്ചേച്ച് ഒന്നാമത് ചെന്ന് സഹോദരനോട് നിരന്നുകൊൾക; പിന്നെ വന്ന് നിന്റെ വഴിപാട് കഴിക്ക (മത്താ. 5:23–24). നാം മറ്റുള്ളവരോട് ക്ഷമ ചോദിക്കേണ്ടത് എങ്ങനെയാണ്? നീ എന്നോട് ചെയ്തത് ഞാൻ ക്ഷമിച്ചിരിക്കുന്നു എന്നല്ല, സഹോദരാ, സഹോദരി.. എന്റെ പ്രവർത്തിയിലോ വാക്കിലോ എന്തെങ്കിലും പ്രയാസം താങ്കൾക്ക് തോന്നിയിട്ടുണ്ടെങ്കിൽ ദൈവനാമത്തിൽ എന്നോട് ക്ഷമിക്കുക. അതോടൊപ്പം ആ കൈപ്പിന്റെ വേരിനെ നാം ഹൃദയത്തിൽ നിന്നും അറുത്തുമാറ്റുകയും വേണം. മാത്രമല്ല, ഇങ്ങനെ നാം മറ്റുള്ളവരോട് ക്ഷമിക്കുമ്പോൾ ദൈവം നമ്മുടെ പാപങ്ങളെയും കടങ്ങളേയും നമ്മോടും ക്ഷമിക്കും.

# ദൈവരാജ്യം

(നാലാം പേജിൽ നിന്ന് തുടർച്ച)

യ്യും. അങ്ങനെ ആരംഭിക്കുന്ന സഹസ്രാബ്ദ വാഴ്ച ഭരണകാലത്തെയാണ് ദൈവരാജ്യം എന്ന് പറയുന്നത്.

സഹസ്രാബ്ദ നാട്ടിൽ സാത്താന്റെ വിളയാട്ടം നടക്കുകയില്ല. കാരണം അവനെ ആയിരമാണ്ടേക്കു ചങ്ങലയിട്ടു ബന്ധിക്കും. ഈ നാളിൽ ഭൂമിയിൽ സ്ഥാപിക്കുന്ന ദൈവരാജ്യവും അതിന്റെ വർണ്ണനയും അപ്പോസ്തലനായ യോഹന്നാൻ അതിന്റെ തനതായ ശൈലിയിൽ വർണ്ണിച്ചിരിക്കുന്നു (വെളി.21:17, 9 :27). സ്വച്ഛ സ്ഫടിക, തങ്ക തുല്യ നിർമ്മിതമായ ആ പുതിയ യരുശലേം എന്ന നഗരം സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വരുന്നതായിട്ടാണ് യോഹന്നാൻ ദർശിക്കുന്നത്. ആ പ്രശോഭിത നഗരത്തിൽ കണ്ണുനീരോ ദുഃഖമോ മുറവിളിയോ അല്ലലോ പരിതാപകരമായ യാതൊരു വിഷയവും ഉണ്ടായിരിക്കുകയില്ല. ആനന്ദഘോഷത്തിന്റെ ദിനങ്ങളായി മാറുകയാണ്. ദൈവം ആ രാജ്യം ഈ ഭൂമിയിൽ സ്ഥാപിച്ചു കഴിയുമ്പോൾ അവന്റെ വിശുദ്ധരായ നാം ആയിരിക്കും ഇവിടുത്തെ ഭരണകർത്താക്കൾ. ഇന്ന് പ്രധാനമന്ത്രി കസേരയ്ക്കും, മുഖ്യമന്ത്രി കസേരകൾക്കും ജനം ബഹളം കൂട്ടുമ്പോൾ ദൈവജനത്തെ പീഢിപ്പിച്ച് അവരുടെ നീതി നടപ്പിലാക്കാതെ ഭരിക്കുമ്പോൾ സഹസ്രാബ്ദകാലത്തിൽ നാം അവരെ ഭരിക്കുവാൻ ഇടയായി തീരും (മത്തായി 19:28, ലൂക്കൊ.22:29,30). സഹസ്രാബ്ദ കാലത്തിൽ രാജാധിരാജാവും കർത്താധികർത്താവുമായവനോടുകൂടി ഇരുന്ന് വാഴണമെങ്കിൽ 1 കൊരി.6:2 പ്രകാരം ജീവിതത്തിലെ സകല വിഷയങ്ങളെയും തരണം ചെയ്യണം. 2 തിമൊ. 2:11 ൽ സഹിച്ചാൽ "കൂടെ വാഴാം" എന്ന പ്രസ്തുത വിഷയം മറന്നുപോകരുത്.

*ഒരു രാജാവ് നീതിയോടെ വാഴും* എന്ന് യെശ. 32:1ൽ കാണുന്നു. അങ്ങനെ വാഴുവാൻ ആ സിംഹാസനം ആയിരം ആണ്ടേക്കു സ്ഥാപിക്കും. ഈ സിംഹാസനം യരുശലേമിൽ ആയിരിക്കും സ്ഥാപിക്കുക. ലൂക്കൊ.1:32 ഈ സിംഹാസനത്തെയാണ് ദാവീദിന്റെ സിംഹാസനം എന്നു പറയുന്നത്. കാരണം ദാവീദിനോട് ദൈവം ചെയ്ത വാഗ്ദത്ത നിവൃത്തിയാണ് (യിരമ്യാ. 3:7). ഈ കാലഘട്ടത്തിൽ കർത്താവ് പുരോഹിതനും രാജാവും ആയിരിക്കും. ശാലേമിന്റെ രാജാവും പുരോഹിതനുമായിരുന്ന മൽക്കിസദേക്കിന്റെ ക്രമപ്രകാരം ആയിരിക്കും.

ഈ സഹസ്രാബ്ദ രാജവാഴ്ചയിൽ ആണ് യഹൂദന്റെ രക്ഷാകരണ പദ്ധതി നടപ്പിലാക്കുന്നത്. കൃപായുഗത്തിൽ നടക്കുന്ന രക്ഷയെകുറിച്ചുള്ള വ്യക്തമായ വിവരണം കാണുന്നില്ല. എങ്കിലും റോമ.11:26, യെഹസ്.11:19, 36:26 അനുസരിച്ച് അവരുടെ ഹൃദയത്തിന് ഒരു വലിയ മാറ്റം സംഭവിക്കുന്നത് മനസിലാക്കുവാൻ സാധിക്കുന്നു. തങ്ങളാൽ കുത്തേറ്റവനായ ക്രിസ്തുവിനെ അവന്റെ മുറിവുകളോടുകൂടെ തന്നെ അവർ കാണും. ആ സമയത്ത് പരിശുദ്ധാത്മാവിനെ അവരുടെ ഉള്ളിൽ പകരുകയും ചെയ്യും. അങ്ങനെ പകരപെടുന്ന ആത്മാവിനാൽ പാപബോധവും വിലാപവും യാചനയും നൽകുകയും ചെയ്യുന്നതിന്റെ ഫലമായിട്ടാണ് യിസ്രായേൽ രക്ഷിക്കപ്പെടുന്നത് (സഖര്യാ. 12:10,13:1).

ഈ ഭൂമിയിൽ സമത്വ സുന്ദരമായ ക്ഷേമ രാഷ്ട്രം കെട്ടിപണിയണമെങ്കിൽ കർത്തവ് രാജാവായി വന്നെങ്കിലേ മതിയാകൂ. അന്നാളിലെ കള്ളവും, ചതിയും, അനീതിയും ഇല്ലാത്ത രാജഭരണം നടപ്പാകൂ. താമസമെന്യേ പുത്തനാം യരുശലേമിൽ പണിയുന്ന ആ മനോഹര ഹർമ്യത്തിൽ, ദൈവീക പ്രഭയുടെ നീലാകാശതൂവെള്ളി മേഘങ്ങളെ വാഹനമാക്കി തന്റെ ദൂതന്മാരും വിശുദ്ധന്മാരുമായി ഉന്നതത്തിൽ നിന്നും ഇറങ്ങി, ഈ ഭൂമിയിൽ സ്ഥാപിക്കുന്ന ക്ഷേമ രാഷ്ട്രം. അതേ എത്ര സുന്ദരം! ആ ദൈവരാജ്യത്തിനായി നമുക്ക് നോക്കിപ്പാർക്കാം.

## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. ഐ.സി.എം. അക്കാദമികൾ (ബീഹാർ)
5. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
6. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
7. വിശ്വാസി പബ്ളിക്കേഷൻസ്
8 മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി), പ്രേമമാധുരി (തെലുങ്ക്)

ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

സംഭാവനകൾക്ക് ആദായനികുതി (80ജി) ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.

**INDIAN CHRISTIAN MISSION**
**Yash Apartments, Flat no 101, First Floor, 96/E, Ward No: 2, Mehrauli, New Delhi-110030**
**E-mail: icm4india@yahoo.com, Website: www.indianchristianmission.com**

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

NEWSPAPER REGN. No. 65362/97
POSTAL REGN.NO. DL 07/0138/15 - 17
Date of Publication - 5th March 2017
Date of Posting - 7th & 8th of every month
Total Number of pages : 4

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com

Price Rs. 3/-

## ദൈവരാജ്യം

**പി**താവായ ദൈവം തന്റെ ഏകജാതനായ പുത്രനിൽകൂടി വെളുപ്പെടുത്തിയ മർമ്മപ്രധാനമായ ഒരു വിഷയമായിരുന്നു ദൈവരാജ്യം എന്നത്. രാജാക്കന്മാർ തങ്ങളുടെ കിരീടം അനന്തരവകാശികൾക്കു കൈമാറി രാജ്യം അവരെ ഏൽപ്പിക്കുന്നതുപോലെ സ്വർഗ്ഗസ്ഥനായ ദൈവം തന്റെ രാജ്യം പുത്രനെ ഏൽപ്പിക്കുന്ന ആ സമയത്തെയാണ് ദൈവരാജ്യം എന്ന് വിശേഷിപ്പിക്കുന്നത്. കർത്താവായ യേശു തന്റെ ശിഷ്യന്മാരെ പ്രാർത്ഥന പഠിപ്പിക്കുന്ന സമയത്തു ഇങ്ങനെ പഠിപ്പിക്കുന്നു, *നിന്റെ രാജ്യം വരേണമേ* (മത്താ. 6:10). അനന്ത വിദൂരമല്ലാത്ത ഭാവിയിൽ സംഭവിക്കുവാൻ പോകുന്ന രാജ്യം എന്നാണ് N.I.V.Study Bible-ൽ കാണുന്നത്.

ദൈവരാജ്യത്തിന്റെ മർമ്മത്തെക്കുറിച്ച് ക്രിസ്തു വിത്ത് വിതയ്ക്കുവാൻ പുറപ്പെട്ട മനുഷ്യനോട് ഉപമിച്ച് പറഞ്ഞിട്ടുണ്ട്. ഈ ഉപമ യേശു ശിഷ്യന്മാർക്കു നൽകിയതിനു ശേഷം പറയുന്നത് ദൈവരാജ്യത്തിന്റെ മർമ്മം ഞാൻ നിങ്ങൾക്കു പറഞ്ഞു തന്നിരിക്കുന്നു എന്നാണ് (മർക്കൊ.14:11). ദൈവരാജ്യത്തിന്റെ ഓഹരിക്കാരൻ ആകണമെങ്കിൽ വചനം കേട്ട് അതിൽ നിന്നും മുപ്പതും അറുപതും നൂറും മേനി ഫലം കായ്ക്കുന്നവർ ആയിരിക്കേണം. വചനം കേട്ട് അതു ഹൃദയത്തിൽ നിക്ഷേപിക്കുന്നവന് മാത്രമേ അവന്റെ കല്പ്പന പ്രമാണിക്കുവാൻ കഴിയൂ. നിക്കോദിമോസിനോട് യേശു പറയുന്നത് *നീ പുതുതായി ജനിച്ചില്ലായെങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ സാധ്യമല്ല* എന്നത്രേ. അങ്ങനെയെങ്കിൽ ദൈവരാജ്യത്തിന്റെ പ്രവേശനം വീണ്ടും ജനനം എന്ന പ്രക്രിയയിൽകൂടി മാത്രമേ സാധിക്കൂ.

നമ്മിൽ ഏൽപ്പിച്ചിരിക്കുന്ന ദൗത്യം ദൈവരാജ്യം പ്രസംഗിക്കുക എന്നതാണ്. ദുഷ്ടന്റെ അധീനതയിൽ കിടക്കുന്ന ഈ ഭൂമി അവന്റെ കരത്തിൽ നിന്നും പിടിച്ചു വാങ്ങി, ദൈവം തന്റെ രാജ്യം സ്ഥാപിക്കും. ആ രാജ്യത്തിൽ പ്രവേശിക്കണമെങ്കിൽ വീണ്ടും ജനനം നമുക്ക് ആവശ്യമാണ്. യേശുക്രിസ്തുവിന്റെ പ്രസംഗ വിഷയവും സ്ഥാപിക്കുവാൻ പോകുന്ന ദൈവരാജ്യം എന്നതായിരുന്നു.

ദൈവസഭയുടെ പണി അപ്പോസ്തലന്മാരിൽകൂടി യേശുക്രിസ്തു ആരംഭിച്ചുവെങ്കിൽ ദൈവരാജ്യത്തിന്റെ പണി രക്ഷിക്കപ്പെട്ടു ദിനംപ്രതി ദൈവസഭയിൽ അംഗങ്ങളായവരെ കൊണ്ടാണ് പണിയുന്നത്. ദൈവരാജ്യം എടുത്തെറിയപ്പെട്ട കടുക് മണിക്ക് സമമാണ്. വിത്തുകളിൽ വളരെ ചെറുതെങ്കിലും വൃക്ഷങ്ങളിൽ വളരെ വലുതായി തീർന്ന അനുഭവത്തിന് സമമാണ് ദൈവരാജ്യം. ഇന്ന് ദൈവരാജ്യം എന്നു കേൾക്കുമ്പോൾ അനേകർക്കും പുച്ഛമാണ്.

**ഈ ഭൂമിയിൽ സമത്വ സുന്ദരമായ ക്ഷേമ രാഷ്ട്രം കെട്ടിപ്പടുക്കണമെങ്കിൽ കർത്താവ് രാജാവായി വന്നെങ്കിലേ മതിയാകൂ. അന്നാളിലെ കള്ളവും, ചതിയും, അനീതിയും ഇല്ലാത്ത ഭരണം നടപ്പാകൂ. താമസമെന്യേ പുത്തനാം യരുശലേമിൽ പണിയുന്ന ആ മനോഹര ഹർമ്മ്യത്തിൽ, ദൈവീക പ്രഭയുടെ നീലാകാശതൂവെള്ളി മേഘങ്ങളെ വാഹനമാക്കി തന്റെ ദൂതന്മാരും വിശുദ്ധന്മാരുമായി ഉന്നതത്തിൽ നിന്നും ഇറങ്ങി, ഈ ഭൂമിയിൽ സ്ഥാപിക്കുന്ന ക്ഷേമ രാഷ്ട്രം.**
**അതേ എത്ര സുന്ദരം!**

**ദൈവരാജ്യസ്ഥാപിതം (Theocracy)**

എബ്രായർക്കെഴുതിയ ലേഖനം 1 : 9ൽ *ദൈവമേ നിന്റെ സിംഹാസനം എന്നന്നേക്കുമുള്ളത് നിന്റെ രാജ്യത്വത്തിന്റെ ചെങ്കോൽ നേരുള്ള ചെങ്കോൽ* എന്നു വായിക്കുന്നു. അരുമ മണവാളനായ ക്രിസ്തു തന്റെ മണവാട്ടിയെ വേളി കഴിച്ചതിനു ശേഷം തന്റെ രാജ്യം ഈ ഭൂമിയിൽ സ്ഥാപിക്കും. ആ രാജ്യത്തെയാണ് ദൈവരാജ്യം എന്നു പറയുന്നത്. 1 കൊരി.15:24ൽ തിരിച്ച് രാജ്യം പിതാവായ ദൈവത്തിന് പുത്രൻ തിരിച്ചു നൽകുന്നു. അപ്പോൾ മാത്രമാണ് ദൈവരാജ്യം സ്ഥാപിതമാകുന്നത്. *ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതുകൊണ്ട് നാം നന്ദിയുള്ളവരായി ദൈവത്തിനു പ്രസാദം വരുമാറ് ഭക്തിയോടും ഭയത്തോടുംകൂടെ സേവ ചെയ്യുക* (എബ്രാ.12:28). ഇളകാത്ത രാജ്യത്തെ കുറിച്ചുള്ള വ്യക്തമായ വെളിപ്പാട് പ്രാപിച്ച മനുഷ്യൻ ആയിരുന്നു ദാനിയേൽ (ദാനി. 2:44). സ്വർഗ്ഗസ്ഥനായ ദൈവം ഒരുനാളും നശിച്ചുപോകാത്ത ഒരു രാജ്യത്വം സ്ഥാപിക്കും എന്നു ശക്തമായി പറയുന്നു. നെബുഖദ്നേസറിന്റെ ബിംബ ദർശ്ശനം അതിനു ഏറ്റവും വലിയ ഉദാഹരണമാണ്. ബാബിലോണ്യ, മേദ്യ, പേർഷ്യ, ഗ്രീക്ക്, റോമ, ജനാധിപത്യ രാജ്യങ്ങളെ ഒക്കെയും തച്ചുടച്ചുകൊണ്ട് നിത്യരാജ്യം സ്ഥാപിക്കുന്ന രാജാധിരാജാവ്.

ചില വർഷങ്ങളായി ജനം പ്രാർഥിക്കുന്ന ഒരു പ്രാർത്ഥനാ ശബ്ദം ഉണ്ട്; *നിന്റെ രാജ്യം വരേണമേ* ഇതിനു മറുപടി ലഭിച്ചേ മതിയാകൂ. ഈ പ്രാർത്ഥനയുടെ നിവൃത്തിയെന്നവണ്ണം ദൈവം വാഗ്ദത്തം ചെയ്ത രാജ്യം സ്ഥാപിക്കുകയും ക്രിസ്തു ഭരണം നടത്തുകയും ചെ



**പാസ്റ്റർ ജോസ് ശാമുവേൽ**
**ന്യൂഡൽഹി**

(ശേഷം മൂന്നാം പേജിൽ)

ക്രമീകൃത വേദപഠനത്തിന് ഒരു അംഗീകൃത സ്ഥാപനം

## ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ്

(ഒരു ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്ഥാപനം)

| കോഴ്സ് | കാലദൈർഘ്യം | യോഗ്യത |
|---|---|---|
| ബാച്ചിലർ ഇൻ തിയോളജി | 3 വർഷം | +2, എച്ച്. എസ്. ഇ. |
| ഡിപ്ലോമ ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി |
| സർട്ടിഫിക്കറ്റ് ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി |

സുവിശേഷീകരണത്തിൽ പ്രായോഗിക പരിശീലനം
യോഗ്യതയും ആത്മനിറവുമുള്ള അധ്യാപകർ
പഠനാനന്തരം ശുശ്രൂഷയ്ക്കുള്ള അവസരങ്ങൾ
അയാട്ട (IATA) അംഗീകൃതം

**പുതിയ അധ്യയന വർഷം 2017 ജൂണിൽ ആരംഭിക്കുന്നു**

*റഗുലർ ബാച്ചിൽ പഠിക്കുവാൻ കഴിയാത്ത ഉദ്യോഗസ്ഥർക്കും സുവിശേഷവേലയിൽ താല്പര്യമുള്ള കുടുംബസ്ഥർക്കും വേണ്ടി സി.റ്റി.എച്ച് സായാഹ്ന കോഴ്സ്*

Faith Celebration Bible College, Shanthy Nagar, Police Station Road,
Adoor PO, Pathanamthitta, Kerala 691523,
Ph. 04734 - 225213, 9961813058 E-Mail:- fcbcadur@yahoo.com
http://indianchristianmission.com/home/theological-training/

## സർഗ്ഗാത്മകമായ സംഘ വേദവായന



**ഇവാ. സാംസൺ സാമുവൽ**
**ചിക്കാഗോ**

**ഞാൻ** ചാപ്പലിലേക്ക് പോകുവാൻ തയ്യാറാകുന്ന എല്ലാ നേരത്തും ദൈവ ത്തിന്റെ കലവറയിൽ അന്നെനിക്കു വേണ്ടി എന്തായിരിക്കും ഉള്ളത് എന്ന് ഓർത്ത് എന്റെ ആത്മാവിൽ ഞാൻ ആവേശഭരിതനാകാറുണ്ട്. സ്വീറ്റ്നി ചാപ്പലിന്റെ പ്രവേശന കവാടത്തിലൂടെ അകത്തേക്ക് പ്രവേശിക്കുന്ന ഓരോ അവസരത്തിലും പുതുമ നിറഞ്ഞ ഒരു അന്തരീക്ഷം എനിക്ക് അനുഭവിക്കുവാൻ കഴിയുമായിരുന്നു. കർത്താവിന്റെ നിത്യസ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല, അവന്റെ കരുണ ഒരിക്കലും തീർന്നുപോകയില്ല, അവ രാവിലെ തോറും പുതിയതാകുന്നു എന്ന ഗാനം എന്റെ ചെവിയിൽ മുഴങ്ങുവാൻ തുടങ്ങുമായിരുന്നു. അത് ഒരിക്കൽ കൂടെ ഇന്ന് എന്റെ ജീവിതത്തിൽ സംഭവിച്ചു. എനിക്കുവേണ്ടി പുതിയത് എന്തോ ഒന്നുമായി ഇറങ്ങിവന്ന ചൈതന്യം നൽകുന്ന കർത്താവിന്റെ ആത്മാവിനെ ഞാനനുഭവിച്ചറിഞ്ഞു. അത് പ്രാപിക്കുവാൻ ആവേശഭരിതനായി ഞാൻ തയ്യാറായി നിന്നു.

ഘടികാരത്തിൽ പതിനൊന്നരയുടെ മണിനാദം മുഴങ്ങിയപ്പോൾ കെൽടിക് സംഗീതത്തിന്റെ മനോഹരമായ ഒരു ഭാഗത്താൽ ഞങ്ങൾ അഭിവാദനം ചെയ്യപ്പെട്ടു. അത് ക്രിസ്ത്യൻ തിയോളജിക്കൽ സെമിനാരിയുടെ പൂർവ്വവിദ്യാർത്ഥികളായ വ്യാട്ട് വോട്കിൻസും ടി.എച്ച്. ഗില്ലസ്പിയും ചേർന്ന് പിയാനോയിലും ഫിഡിലിലും വായിച്ച വൈറ്റ് റിവർ കെൽട്ടിക എന്ന ഗാനമായിരുന്നു. ഞാൻ ചുറ്റും കണ്ണോടിച്ചപ്പോൾ സന്തോഷ വദനരായി പ്രസന്നമായ പുഞ്ചിരിയോടെ നിൽക്കുന്ന ഞങ്ങളുടെ പൂർവ്വവിദ്യാർത്ഥികളെ കണ്ടു. അന്ന് ക്രിസ്ത്യൻ തിയോളജിക്കൽ സെമിനാരിയുടെ പൂർവ്വവിദ്യാർത്ഥി സംഗമം കൂടിയായിരുന്നു. അവരെല്ലാം ഞങ്ങളെ കാണുവാനും അഭിവാദനം ചെയ്യുവാനും ശുഭാംശകൾ നേരുവാനും കൂട്ടായ്മയ്ക്കും എത്തിയതായിരുന്നു. ആ ആസ്വാദ്യകരമായ സംഗീതം എല്ലാവരേയും ഒരു നിമിഷത്തേക്ക് വേറെയൊരു ലോകത്തിലേക്ക് കൊണ്ടുപോയി, യേശു അവിടെ നിന്ന്കൊണ്ട് തന്നോടും മറ്റ് സഹജീവികളോടുമുള്ള ഒരു ഉറ്റബന്ധത്തിന് ആഹ്വാനം ചെയ്യുന്നതുപോലെ അത് ഞങ്ങളുടെ കാതുകളിൽ ധ്വനിച്ചു. ഈ അനുഭവത്തിനുശേഷം അതിശയകരമായ ഒരു സംഘവേദവായന അവിടെ നടന്നു. ആ ആരാധനാസഭയിൽ അത് പുതിയതും ക്രിയാത്മകവുമായ ഒരു ഘടകമായിരുന്നു. ഈ രീതി പരിചയപ്പെടുത്തിയത് വേദവായനയുടെ ശക്തമായ പാരമ്പര്യശൈലി മുന്നോട്ടു കൊണ്ടുപോകുന്നതോടൊപ്പം അതിന് പുതിയൊരു മാനം കൂടെ നൽകാനായിരുന്നു. സി.റ്റി.എസ് ചാപ്പൽ സർവ്വീസ് കമ്മിറ്റി പരിചയപ്പെടുത്തിയ നൂതനവും ഫലപ്രദമായ സംഘവായനയെക്കുറിച്ച് അല്പമായി നിങ്ങളോട് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

സംഘവായനയെ നിർവ്വചിച്ചാൽ പ്രത്യേകാൽ പ്രാഥമിക വിദ്യാലയങ്ങളിൽ ചെയ്തുവന്നിരുന്ന ഒരുമിച്ചുള്ള വായനയാണത്. എന്നാൽ അതല്ല ഇവിടെ സംഭവിച്ചത്. ഈ സംഘവേദവായന നൂതനമായി സർഗ്ഗാവൈഭവത്തോടെ അവതരിപ്പിക്കപ്പെട്ടു. നാലുപേരാണ് ഈ വായന നടത്തിയത്. ഈ വായനക്കാർ അവരവരുടെ ഇരിപ്പിടങ്ങളിൽ നിന്ന് ഓരോരുത്തരായി എഴുന്നേറ്റ് നൂറ്റിആറാം സങ്കീർത്തനത്തിന്റെ ഓരോ വാക്യങ്ങളും ചൊല്ലിക്കൊണ്ട് മുന്നിലേക്ക് പോകുന്ന കാഴ്ച എന്നെ അതിശയപ്പെടുത്തി. ആ നാലു വായനക്കാരിൽ ഓരോരുത്തരും അവരവർക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന വാക്യഭാഗങ്ങൾ ഒരുമിച്ചും ചിലപ്പോൾ ഒറ്റയ്ക്കും വ്യത്യസ്തമായ സ്വരങ്ങളിൽ ചൊല്ലി. അത് മനോഹരം തന്നെയായിരുന്നു. ഇതിന് ദൈവശാസ്ത്രപരമായ മഹത്വമോ സാംസ്കാരികമായ ഘടകങ്ങളോ ഒന്നുമില്ലായിരുന്നു എങ്കിലും ദൈവവചനത്തിന്റെ സാർവ്വലൗകികതയും അനന്തതയും അതെന്നെ ഓർമ്മപ്പെടുത്തി. ജാതി,മത, വർണ്ണ ലിംഗ വ്യത്യാസമില്ലാതെ എല്ലാവർക്കും ഈ സംഘവചന വായനയിലേക്ക് അതിന്റെ അനുഭൂതി അനുഭവവേദ്യമാകുവാനും കടന്നുവരാവുന്നതാണ്. സത്യത്തിൽ, ആ സംഘവായനയുടെ അവസാനത്തിൽ അവരോട് ചേർന്ന് സഭ മുഴുവൻ യഹോവയെ സ്തുതിപ്പിൻ... കർത്താവിന് നന്ദിയർപ്പിക്കുവിൻ എന്ന് ഏറ്റുപാടത്തക്കനിലയിൽ മനോഹരമായിരുന്നു ആ സംഘവായന. അവിടെ അതിനാരേയും ക്ഷണിക്കുകയോ നിർബന്ധിക്കുകയോ ചെയ്തില്ല. പക്ഷേ, സുന്ദരമായി വായിക്കപ്പെട്ട വചനത്തിന്റെ ശക്തി ഓരോ ആത്മാക്കളേയും ചലിപ്പിച്ച്

(ശേഷം രണ്ടാം പേജിൽ)

Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442